# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 881

29/09/2011 ൽ മറുപടിക്ക്

## വിദ്യാഭ്യാസ പാക്കേജിലെ വ്യവസ്ഥകൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച സമഗ്ര വിദ്യാഭ്യാസ പാക്കേജിലെ വ്യവസ്ഥകൾ വിശദീകരിക്കാമോ;

(ബി) പാക്കേജ് എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്നറിയിക്കാമോ;

(സി) അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുമ്പോൾ മുൻകാല പ്രാബല്യം അഥവാ നിയമന തീയതി മുതൽ അംഗീകാരവും ശമ്പളവും നൽകാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ)
(ബി)
(സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിലെ നിയമനത്തിന് ശാസ്ത്രീയ രീതി നടപ്പിലാക്കുന്നതിനും അധികാദ്ധ്യാപകരെ വിന്യസിക്കുന്നതിനും ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 10-08-2011-ൽ കൂടിയ ബഹു. മന്ത്രിസഭായോഗം തത്വത്തിൽ അംഗീകരിച്ചു.ഇക്കാര്യം എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായും അദ്ധ്യാപകസംഘടനകളുമായും ചർച്ച ചെയ്ത് നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. വിദ്യാഭ്യാസ മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും ചെയ്തു. മന്ത്രിസഭാ ഉപസമിതി മാനേജ്മെന്റ് പ്രതിനിധികളുമായും, അദ്ധ്യാപകസംഘടനകളുമായു, ചർച്ചനടത്തുകയും ചെയ്തിട്ടുണ്ട്. ഉപസമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ പാക്കേജിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 28/9/2011 ൽ കൂടിയ മന്ത്രിസഭായോഗം പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്

സെക്ഷൻ ഓഫീസർ